# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

'വിശപ്പുരഹിതനഗരം' പദ്ധതി

1475 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'വിശപ്പുരഹിതനഗരം' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുളളത് ;

(സി) ഈ വർഷം ഏതെല്ലാം നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

## വിശപ്പുരഹിത നഗരം പദ്ധതികൾ

1476 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത നഗരം പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കഴിഞ്ഞ സാമ്പത്തികവർഷം ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പാക്കിയെന്നും ചെലവാക്കിയ തുക എത്രയെന്നും അറിയിക്കുമോ;

(സി) അന്നദായിനി പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**സർക്കാരിതര സ്ഥാപനങ്ങൾക്ക് ത്രിതല ഫണ്ട് വിതരണം**

1477 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാർ അധീനതയിലല്ലാത്ത ഏതൊക്കെ സ്ഥാപനങ്ങൾക്കും സൊസൈറ്റികൾക്കും ത്രിതല പഞ്ചായത്ത് ഫണ്ട് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

**ബഡ്സ് സ്കൂളുകൾ**

1478 **ശ്രീ. റ്റി.എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്ത് പുതിയ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ മങ്കട മണ്ഡലത്തിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ പുതിയ ഒരു ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവത്കരണം**

**1479 ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഗ്രാമ പഞ്ചായത്തുകളിൽ എത്ര ഡ്രൈവർമാർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പഞ്ചായത്ത് ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾ സ്വീകരിക്കുമോ;

(ഡി) ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ കെട്ടിടനികുതി സ്വീകരിക്കുന്നതിന് നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന നിർദ്ദേശമുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കെട്ടിട നികുതിപിരിവ് കമ്പ്യൂട്ടർവൽക്കരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**തദ്ദേശ ഭരണസ്ഥാപനങ്ങൾക്കായുള്ള ജില്ലാതല ട്രൈബ്യൂണൽ**

**1480 ശ്രീ. കെ.എൻ.എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണസ്ഥാപനങ്ങൾക്കായുള്ള ജില്ലാതല ട്രിബ്യൂണൽ എല്ലാ ജില്ലകളിലും സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ആയത് സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ തിരുവനന്തപുരത്തുമാത്രമാണ് ട്രിബ്യൂണൽ പ്രവർത്തിക്കുന്നതെന്നതിനാൽ കേരളത്തിലെ മറ്റ് ജില്ലകളിൽ നിന്നുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ ജില്ലകളിലും ട്രിബ്യൂണൽ സ്ഥാപിയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോഴിക്കോട് ഒരു ട്രിബ്യൂണൽ അടിയന്തിരമായി സ്ഥാപിക്കവാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

**<u>റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ</u>**

**1481 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ നിർമ്മിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രാരംഭഘട്ടത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രസ്തുത പ്ലാന്റുകൾ നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റുകളുടെ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്ത് ജാഗ്രതാ സമിതികൾ**

1482

ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും അവലോകനം ചെയ്യുവാനുമായി ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമസഭകളും പഞ്ചവത്സര പദ്ധതിയും</u>

1483

ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
,, പി. തിലോത്തമൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഗ്രാമസഭകൾ ഇപ്പോൾ വർഷത്തിൽ എത്ര പ്രാവശ്യമാണ് സമ്മേളിക്കുന്നത്; ഗ്രാമസഭകളിൽ ജനപ്രാതിനിധ്യം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗ്രാമസഭകളിൽ ജനപ്രാതിനിധ്യം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഗ്രാമസഭകളുടെ സമ്മേളനം സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് എന്തെല്ലാം തരത്തിലുള്ള പരിശീലനങ്ങൾ നൽകുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള പദ്ധതിവിഹിതം**

1484 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് വികസന കാര്യങ്ങൾ ഏറ്റെടുക്കുന്നതിന് നിലവിൽ മതിയായ ഫണ്ട് ലഭിക്കുന്നില്ലാ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബ്ലോക്ക് പഞ്ചായത്തുകളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും പ്രത്യേക പദ്ധതി വിഹിതം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകളിലെ പഞ്ചവത്സര പദ്ധതികൾ**

1485 ശ്രീ. വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും എന്തെല്ലാം മാറ്റങ്ങളാണ് പുതിയ രീതി മുഖേന ഉണ്ടാകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം</u>

1486 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് സർക്കാർ പുതിയ മാനദണ്ഡങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**പൊതുശ്മശാനങ്ങളുടെ നവീകരണം**

**1487 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**പൊതു ശ്മശാനങ്ങളുടെ നവീകരണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ഈ വർഷം ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ഗ്രാമപഞ്ചായത്തുകൾക്ക് എത്ര തുക വീതം നൽകുമെന്ന് അറിയിക്കുമോ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകളിലേക്ക് ജീവനക്കാരുടെ പുനർവിന്യാസം**

**1488** **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നിന്നും പഞ്ചായത്ത് ഓഫീസുകളിലേയ്ക്ക് പുനർവിന്യാസം ചെയ്യപ്പെട്ട ജീവനക്കാരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ജീവനക്കാരെ എത്ര വർഷത്തേയ്ക്കാണ് പഞ്ചായത്തു വകുപ്പിലേയ്ക്ക് പുനർവിന്യാസം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുനർവിന്യാസ കാലയളവ് പൂർത്തിയാക്കി മാതൃവകുപ്പിലേയ്ക്ക് തിരികെ പോകുന്നതിനായി അപേക്ഷ നൽകിയിട്ടും തിരികെ പോകാനാകാത്ത എത്ര ജീവനക്കാർ ഉണ്ടെന്നും അവർക്ക് മാതൃവകുപ്പിലേയ്ക്ക് തിരികെ പോവുന്നതിനായുള്ള അനുമതി നൽകുമോ എന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

ഇ.എം.എസ്. പാർപ്പിട പദ്ധതി

1489 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഇ. എം. എസ്. പാർപ്പിടപദ്ധതി പ്രകാരം ആകെ എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചുവെന്നും ആയതിൽ എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നുമുള്ള വിവരം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വീടുകൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതിപ്രകാരം നിർമ്മാണം ആരംഭിക്കുകയും പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത എത്ര വീടുകളുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത വീടുകൾക്ക് തുക നൽകാതിരിക്കുന്ന സാഹചര്യം നിലവിലുണ്ടോ;

(ഇ) ഇ.എം.എസ് ഭവന പദ്ധതി പൂർണ്ണമായും നിറുത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള സാഹചര്യം വിശദമാക്കാമോ;

(എഫ്) പ്രസ്തുത പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന വാസയോഗ്യമല്ലാത്ത വീടുകൾ പൊളിച്ച്, പുതിയ വീടുകളുടെ നിർമ്മാണം തുടങ്ങിയ എല്ലാവർക്കും തുക പൂർണ്ണമായും നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകൾക്ക് ഷോർട്ട്ഫാൾ ആയ തുക**

1490 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിരവധി പഞ്ചായത്തുകൾക്ക് ഷോർട്ട്ഫാൾ ആയി തുക നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇപ്രകാരം ഷോർട്ട്ഫാൾ ആയ തുക പഞ്ചായത്തുകൾക്ക് അനുവദിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ശ്രീ. പി. വി. പത്മനാഭന്റെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് അപേക്ഷ**

1491 **ശ്രീ. റ്റി.വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ പാർടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്നതും ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിലുമായ ശ്രീ. പി.വി.പത്മനാഭന്റെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് സംബന്ധിച്ച അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്ക നടപടികളാണ് സ്വീകരിച്ചത്;

(ബി) ഗ്രാമപഞ്ചായത്ത് ശ്രീ. പി.വി.പത്മനാഭന് ധനസഹായം നൽകാൻ തീരുമാനിച്ച സാഹചര്യത്തിൽ ആയതിന് അനുവാദം ലഭ്യമാകാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

### വയനാട് ജില്ലയിലെ വികസന പ്രവർത്തനങ്ങൾ

1492 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവ വഴി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾക്കായി വയനാട് ജില്ലയിൽ താലൂക്ക്തലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പുവർഷം ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവവഴി വയനാട് ജില്ലയിലെ വികസന പ്രവർത്തനങ്ങളുടെ സാമ്പത്തികലക്ഷ്യം, ഭൗതീകലക്ഷ്യം എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

**അങ്കമാലി മണ്ഡലത്തിലെ പഞ്ചായത്ത് റോഡുകൾക്ക് അനുവദിച്ച തുക**

1493 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തിന്റെയും കൈവശമുളള റോഡുകൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് റോഡുകൾക്കാണ് തുക അനുവദിച്ചിട്ടുളളതെന്നും, തുക എത്രയെന്നും വ്യക്തമാക്കാമോ; ഇത് ഏതെല്ലാം പദ്ധതി പ്രകാരമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള ലൈസന്‍സ്**

**1494** **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി പഞ്ചായത്തും ബിവറേജസ് കോര്‍പ്പറേഷനും തമ്മിലുണ്ടായ ലൈസന്‍സ് സംബന്ധമായ കേസ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്ത് രാജ് നിയമത്തിലെ 'ആപല്‍ക്കരവും അസഹ്യവുമായ വ്യാപാരങ്ങള്‍ നടത്തുന്നതിന്' ലൈസന്‍സ് നിര്‍ബന്ധമാക്കിയ വ്യവസ്ഥ പാലിക്കുവാന്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് നിര്‍ദ്ദേശം നല്‍കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>പഞ്ചായത്തുകളിലെ ജോലിഭാരം</u>**

**1495** ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് എന്ന് സമർപ്പിച്ചുവെന്ന് പറയാമോ; ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പഞ്ചായത്തുകളിലെ ജോലിഭാരം ലഘൂകരിച്ച് മികച്ച സേവന കേന്ദ്രങ്ങളായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ മാറ്റുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തിലെ സ്റ്റാഫ് പാറ്റേൺ**

1496 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണ കാര്യങ്ങളും ദൈനംദിന ചുമതലകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഓരോ പഞ്ചായത്തിനും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനുമുള്ള നിർദ്ദേശം വകുപ്പ് മേലധികാരികൾക്ക് നൽകുമോ ;

(സി) ജീവനക്കാർ കുറവുള്ള പഞ്ചായത്തുകളിൽ ദിവസ വേതന വ്യവസ്ഥയിൽ ക്ലാർക്കുമാരെയും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും നിയമിക്കാനുള്ള അനുമതി പഞ്ചായത്തുകൾക്ക് നൽകുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**സാമൂഹ്യക്ഷേമ പ്രവര്‍ത്തനങ്ങളില്‍ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം**

1497 ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. എ.റ്റി. ജോര്‍ജ്
ശ്രീ. എം.പി. വിന്‍സെന്റ്
ശ്രീ. ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യക്ഷേമ പ്രവര്‍ത്തനങ്ങളില്‍ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളിയാക്കുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ്;

(ബി) സാമൂഹ്യ സുരക്ഷാമിഷന്‍ മുഖേന നടപ്പിലാക്കുന്ന ജീവകാരുണ്യ പ്രവര്‍ത്തനങ്ങളില്‍ പങ്കാളികളാകുവാന്‍ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളെ സജ്ജമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വിശദമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**സി. എച്ച്. മുഹമ്മദ് കോയ ചാരിറ്റബിൾ ട്രസ്റ്റിനുള്ള സംഭാവന**

**1498 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുസ്ലിം ലീഗ് നേതാക്കൾ നടത്തുന്ന സി. എച്ച്. മുഹമ്മദ് കോയയുടെ പേരിലുള്ള സ്വകാര്യ ചാരിറ്റബിൾ ട്രസ്റ്റിന് സംഭാവന നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പെർമിസീവ് സാങ്ഷൻ നൽകിയിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ നൽകിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സി. എച്ച്. മുഹമ്മദ് കോയ ചാരിറ്റബിൾ സെന്ററിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇതിനകം എന്ത് തുക ലഭ്യമായിട്ടുണ്ട്;

(ഡി) ചാരിറ്റബിൾ സെന്റർ, ഗവൺമെന്റിന് നൽകിയ അപേക്ഷയുടെ പകർപ്പും, പ്രസ്തുത ചാരിറ്റബിൾ സെന്ററിന്റെ ബൈലോയുടെ പകർപ്പും ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ സമ്പൂര്‍ണ്ണ ശുചിത്വ യജ്ഞം</u>

1499 **ശ്രീ. എം. വി. ശ്രേയംസ്കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ മൂന്ന് വര്‍ഷത്തിനുള്ളില്‍ വയനാട് ജില്ലയില്‍ നടപ്പിലാക്കിയ സമ്പൂര്‍ണ്ണ ശുചിത്വ യജ്ഞം റ്റി.എസ്.സി. പദ്ധതിയുടെ പ്രവര്‍ത്തനങ്ങള്‍ വ്യക്തമാക്കുമോ?

(ബി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വര്‍ഷങ്ങളില്‍ ചെലവഴിച്ച തുകയുടെ ബ്ലോക്ക് തലത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ആദിവാസി മേഖലകളിലെ പ്രവര്‍ത്തനങ്ങള്‍ ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നവിശദമാക്കുമോ;

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>മാലിന്യത്തിൽ നിന്നും പാചക വാതകം</u>

1500 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുളളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽ നിന്നും പാചക വാതകം ഉൽപ്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഈ വിഷയം പഠിക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുമോ ;

(സി) പാചക വാതകം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

**<u>മാലിന്യ നിർമ്മാജ്ജനത്തിനായി ത്രിതലപഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി</u>**

T1501 **പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്ത് മാലിന്യ നിർമ്മാജ്ജനം നടത്തുന്നതിനായി ത്രിതല പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ അറവുശാലകളും ശ്മശാനങ്ങളും നവീകരിക്കുന്നതിനുള്ള നടപടി**

1502 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നവീകരിച്ച അറവ് ശാലകളും, ശ്മശാനങ്ങളും സ്ഥാനിച്ചിട്ടില്ലാത്ത എത്ര പഞ്ചായത്തുകൾ കോഴിക്കോട് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അറവ് ശാലകളിലെ അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കപ്പെടാത്തതിനാൽ മലിനീകരണം മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉടലെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ഡി) ശാസ്ത്രീയമായ രീതിയിൽ അറവ് ശാലകളും ശ്മശാനങ്ങളും നിർമ്മിക്കുന്നതിന് പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

### ടോയ്ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ്

1503 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം നെടുമുടി, കൈനകരി ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വമിഷന്റെ കീഴിൽ ടോയ്ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഇക്കോസാൻ ടോയ്ലെറ്റുകൾക്കു പകരം എന്ത് സംവിധാനം ഏർപ്പെടുത്തുന്നതിനാണ് നടപടി സ്വീകരിച്ചത് ;

(സി) ഇക്കോസാൻ ടോയലറ്റുകൾക്കു പകരം കുട്ടനാടിന് അനുയോജ്യമായ ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കമ്മ്യൂണിറ്റി കോംപ്ലക്സുകൾക്ക് അനുവദിച്ചിരിക്കുന്ന തുക വിനിയോഗിച്ച് പൊതു സ്ഥലങ്ങളിൽ ടോയ്ലെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് വിഹിതം

1504 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ലഭിക്കേണ്ടുന്ന ബഡ്ജറ്റ് വിഹിതം 2012-2013 വർഷത്തിൽ ലഭിച്ചിട്ടില്ലായെന്നതു സംബന്ധിച്ച് കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പരാതി നൽകുകയുണ്ടായോ ;

(സി) മുൻ സാമ്പത്തിക വർഷത്തെ പ്രവർത്തനം കടനം, മികവ്, കാര്യക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ പ്രോത്സാഹനം എന്ന നിലയിൽ നൽകുന്ന 10% വർദ്ധനവ് നൽകിയിട്ടില്ലായെന്ന പ്രസ്തുത പരാതിയിൽ എന്തു നടപടി കൈക്കൊണ്ടു?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്ത് വിഭജനത്തിനുള്ള നടപടി</u>

1505 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യ കൂടുതലുള്ളതും വിസ്തൃതി കൂടുതലുള്ളതുമായ ഗ്രാമപഞ്ചായത്തുകൾ വിഭജിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) പഞ്ചായത്ത് വിഭജനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ; എങ്കിൽ അത് വെളിപ്പെടുത്താമോ ;

(സി) തൃശ്ശൂർ ജില്ലയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഏതെങ്കിലും വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

**ഗ്രാമപഞ്ചായത്തിലെ പദ്ധതിനിര്‍വ്വഹണ ഉദ്യോഗസ്ഥര്‍ക്ക് യാത്രാബത്ത**

1506 **ശ്രീ. ഇ. കെ. വിജയന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിര്‍വ്വഹണ ഉദ്യോഗസ്ഥര്‍ക്കും ഇതര വകുപ്പിലെ ജീവനക്കാര്‍ക്കും പദ്ധതി പ്രവര്‍ത്തനവുമായി ബന്ധപ്പെട്ട് നടത്തുന്ന യാത്രകള്‍ക്കും, പരിശീലന പരിപാടികള്‍ക്കും പഞ്ചായത്തില്‍ നിന്ന് യാത്രാബത്ത നല്‍കുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ടി.എ. നല്‍കാത്തത് പദ്ധതി പ്രവര്‍ത്തനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ടി.എ. നല്‍കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്ത് വകുപ്പിലെ സ്ഥലം മാറ്റ മാനദണ്ഡങ്ങള്‍**

**1507 ശ്രീ. കെ. കെ. നാരായണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പഞ്ചായത്ത് വകുപ്പില്‍ എത്ര സ്ഥലംമാറ്റ ഉത്തരവുകള്‍ ഇറക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് വകുപ്പില്‍ സ്ഥലം മാറ്റത്തിന് നിലവിലുളള മാദണ്ഡങ്ങള്‍ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

## കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

1508 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി'യുടെ വിശദാംശം നൽകുമോ;

(ബി) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിപ്രകാരം ഇതുവരെയായി എത്ര കുട്ടികൾക്ക് സൗജന്യമായി ഓപ്പറേഷൻ നടത്തിയിട്ടുണ്ട്; ആയതിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) കണ്ണൂർ ജില്ലയിൽ നിന്നും ഈ പദ്ധതിപ്രകാരം എത്ര കുട്ടികളെ ഓപ്പറേഷൻ നടത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) മൂന്ന് വയസ്സിൽ കൂടുതൽ പ്രായമുള്ള കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ചുള്ള തീരുമാനമെന്തെന്ന് വിശദമാക്കുമോ?

കേരള നിയമസഭ

15.06.2012 -ലെ മറുപടിക്ക്

**കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഗുണഭോക്താക്കൾ**

1509 **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഗുണഭോക്താക്കളായി എത്ര കുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ മാതൃകയിൽ അംഗവൈകല്യമുള്ള കുട്ടികളുടെ വൈകല്യങ്ങൾ മാറ്റുന്നതിനായി പദ്ധതി ആവിഷ്ക്കരിക്കുമോ;

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഹിയറിംഗ് എയ്ഡ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**എം. റ്റി. ബാബുവിന്റെ മകന് കോക്ലിയര് ഇംപ്ലാന്റേഷന് സര്ജറി**

1510 **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങള്ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്കുമോ:

(എ) കോക്ലിയര് ഇംപ്ലാന്റേഷന് സര്ജറിക്കായി അരൂര് മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിലെ ശ്രീ. എം. റ്റി. ബാബു മംഗലത്ത്, തൃച്ചാറ്റുകുളം. പി. ഒ എന്നയാളുടെ മകന് അഭിനവ് ബാബുവിന് വേണ്ടി നല്കിയ അപേക്ഷയിന്മേല് എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രായം കൂടുന്നതിനനുസരിച്ച് കോക്ലിയര് ഇംപ്ലാന്റേഷന് സര്ജറിയുടെ വിജയസാധ്യത കുറയുമെന്നതിനാല് മകന് 5 വയസ്സാകുന്നതിന് മുന്പ് സര്ജറി നടത്തുന്നതിനായി ശ്രീ. എം.റ്റി. ബാബു നല്കിയ അപേക്ഷയിന്മേല് സത്വര നടപടികള് സ്വീകരിക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

വയോജനനയം

1511 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനനയം നിലവിലുണ്ടോ; ഇത് എന്നാണ് പ്രഖ്യാപിച്ചത്;

(ബി) വയോജനനയത്തിലെ ഏതെല്ലാം വ്യവസ്ഥകൾ ഇതുവരെ നടപ്പിലാക്കി;

(സി) വയോജനപെൻഷന്റെ എത്ര തവണകൾ കുടിശ്ശികയായിട്ടുണ്ട്;

(ഡി) അത് എന്ന് കൊടുക്കാൻ കഴിയുമെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

**<u>വയോജനങ്ങൾക്ക് വേണ്ടി പ്രത്യേക വേദി</u>**

1512 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ സംരക്ഷണവും, ക്ഷേമവും ലക്ഷ്യമാക്കി പ്രത്യേക വേദി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**വയോജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്ക്**

1513 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്ക് ഏതെല്ലാം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ഹെൽപ്പ് ഡെസ്ക്കുകൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>സാമൂഹ്യക്ഷേമരംഗത്ത് പുതിയ പദ്ധതികള്‍</u>**

1514 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം സാമൂഹ്യക്ഷേമരംഗത്ത് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്തമോ;**

(ബി) **പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാന്‍ ഉദ്ദേശിക്കുന്നത്?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**പെൻഷൻ കുടിശ്ശിക**

1515 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷ പെൻഷനുകൾ ഇപ്പോൾ എത്രമാസത്തെ കുടിശ്ശികയായിട്ടുണ്ട്;

(ബി) എല്ലാ പെൻഷനുകളും കുടിശ്ശികയടക്കം നല്കുന്നതിന് എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പെൻഷനുകൾ ഏതെല്ലാം മാസം വരെ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**സാമൂഹ്യ സുരക്ഷാ മിഷൻ**

1516 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ഇപ്പോൾ നടപ്പാക്കിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ സുരക്ഷാ മിഷന് സഹായം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

### താലോലം പദ്ധതി

1517 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കി വരുന്ന താലോലം പദ്ധതിയിൽ നിന്നും ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്ക് ധനസഹായം നൽകി;

(ബി) പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(സി) ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ ഇപ്പോൾ തീരുമാനമാകാതെ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടി</u>

1518 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മണ്ഡലത്തിൽ ഒരു അംഗൻവാടി 'മാതൃകാ അംഗൻവാടി'യായി ഉയർത്തുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) ഇതിലേക്കായി പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ ഏത് അംഗൻവാടിയാണ് മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിന് പരിഗണനയിൽ ഉള്ളതെന്നും ആയതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ഉദുമ നിയോജക മണ്ഡലത്തിൽ അംഗൻവാടി**

1519 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജക മണ്ഡലത്തിൽ അംഗൻവാടി പ്രോജക്ട് നടപ്പിലാക്കുന്നതിനായി അധിക തുക ബന്ധപ്പെട്ട പഞ്ചായത്ത് നൽകാമെന്നതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ തുടങ്ങാനുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;**

(ബി) **എങ്കിൽ ഇതു സംബന്ധിച്ച് എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ ?**

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കൊയിലാണ്ടി മണ്ഡലത്തിലെ അംഗൻവാടികൾ**

1520 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാതെ പ്രവർത്തിക്കുന്ന അംഗൻവാടികൾ ഏതെല്ലാമാണെന്നും അത് എവിടെയെല്ലാമാണെന്നും ഏതെല്ലാം പഞ്ചായത്തുകളിൽ ആണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗൻവാടികൾക്ക് അവ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ അംഗ വാടികൾ**

1521 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കോഴിക്കോട് ജില്ലയിലെ ചില അംഗൻവാടികളിൽ പോഷകാഹാര വിതരണം കൃത്യമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത അംഗൻവാടികളിൽ പോഷകാഹാരം കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ അംഗൻവാടികൾ**

**1522 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്ര അംഗൻവാടികളാണ് ഉള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ ഏതെല്ലാ മെന്നറിയിക്കാമോ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**പെരിങ്ങോത്ത് ഐ. സി. ഡി. എസ്. പ്രോജക്ട് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം**

1523 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ ഐ. സി. ഡി. എസ്. വിഭജിച്ചശേഷം പെരിങ്ങോത്ത് അനുവദിച്ച അഡീഷണൽ പ്രോജക്ട് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിലുള്ള പയ്യന്നൂർ ഐ. സി. ഡി. എസ്. പ്രോജക്ട് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിൽ ഉണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കാലിക്കടവ് ഐ. സി. ഡി. എസ്. ഓഫീസിലെ തസ്തികകള്‍**

**1524 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

നീലേശ്വരം ഐ. സി. ഡി. എസ് ബ്ലോക്ക് വിഭജിച്ച് പീലിക്കോട് പഞ്ചായത്തിലെ കാലിക്കടവില്‍ പുതുതായി അനുവദിച്ച ഓഫീസില്‍ നിലവില്‍ എത്ര തസ്തികകള്‍ അനുവദിക്കാനുണ്ടെന്നും ഈ ഓഫീസിന് സ്വന്തമായി കെട്ടിടം നിര്‍മ്മിക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

**തന്റേടം ജൻഡർ പാർക്ക്**

**1525 ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിർമ്മിക്കാനുദ്ദേശിക്കുന്ന 'തന്റേടം ജൻഡർ പാർക്ക്' നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ പാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**വയോജന സംരക്ഷണ നിയമം**

**1526 ശ്രീ. പി.കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നടപ്പിലാക്കിയ വയോജന സംരക്ഷണ നിയമം ശരിയായ രീതിയിൽ നടപ്പിലായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്;

(സി) പ്രായപൂർത്തിയായ മക്കൾ സംരക്ഷിക്കാത്ത മാതാപിതാക്കൾക്ക് പെൻഷൻ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമപദ്ധതികൾ</u>

1527 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ജനവിഭാഗങ്ങൾക്കായി നടപ്പിലാക്കിയ സാമൂഹ്യക്ഷേമപദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷേമ പെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പുതിയ സാമൂഹ്യക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>ശ്രുതി തരംഗം പദ്ധതി</u>

1528 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്കുവേണ്ടിയുള്ള ശ്രൂതിതരംഗം പദ്ധതിയിൽ എന്ത് തുകയാണ് ധനസഹായമായി അനുവദിക്കുന്നത്;

(ബി) ഇതിൽ 3 വയസ്സിനു മുകളിലുള്ള അർഹരായ കുട്ടികളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ശ്രുതി തരംഗം പദ്ധതിയുടെ നടപടിക്രമങ്ങൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി**

1529 ശ്രീ. ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതി ഏതെല്ലാം വിഭാഗക്കാരെയാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) ഈ പദ്ധതിയിലൂടെ എന്തെല്ലാം ധനസഹായങ്ങളും ചികിത്സാ സൗകര്യങ്ങളും ആണ് നൽകുന്നത്;

(ഇ) ഈ പദ്ധതിക്ക് ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സാ സൗകര്യം ഒരുക്കിയിട്ടുള്ളത്?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>നിർഭയ പദ്ധതി</u>

1530 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. വി. ശശി
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർഭയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പദ്ധതിയുടെ നടത്തിപ്പിനായി നിർഭയ കമ്മിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; കമ്മിറ്റികളുടെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**സ്ത്രീകളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമുള്ള പുതിയ പദ്ധതികൾ**

1531 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രധാന പട്ടണങ്ങളിൽ വനിതാ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) തീവണ്ടികളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി മറ്റു വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കുമോ?

**കേരള നിയമസഭ**

**15.06.2012 -ലെ മറുപടിക്ക്**

**<u>വുമൺ ഇൻഫർമേഷൻ സെന്ററുകൾ</u>**

**1532 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും വുമൺ ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം എത്ര ജില്ലകളിൽ നടപ്പിലായിട്ടുണ്ട്;

(ബി) ഈ സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ;

(സി) മുഴുവൻ ജില്ലകളിലും ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണം**

1533 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണത്തിനും പരിപാലനത്തിനും സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണത്തിന് വൻ തുക ചെലവാകുന്ന സാഹചര്യത്തിൽ ഇവരുടെ കുടുംബങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇവരുടെ മാതാപിതാക്കൾക്ക് നികുതിയിളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

## കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

**ശാരീരിക വൈകല്യമുള്ളവരുടെ പരാതികൾ**

1534 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശാരീരിക വൈകല്യമുള്ളവരുടെ പരാതികൾ കേൾക്കാൻ പ്രത്യേക വേദി രൂപീകരിക്കണമെന്ന ബഹു: ഹൈക്കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>ആശ്രയ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസം</u>**

1535 **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **നിരാലംബരും അവിവാഹിതരായ അമ്മമാരും അടങ്ങുന്ന ആശ്രയ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;**

(ബി) **വൈപ്പിനിൽ ആശ്രയ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിന് ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

1536 ശ്രീ. എം.എ. ബേബി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾവ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കെ. എസ്. ഡബ്ല്യൂ.ഡി. സി. - യുടെ ശാഖ**
**കാസർകോഡ് മണ്ഡലത്തിൽ**

1537 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കാസർകോഡ് മണ്ഡലത്തിൽ കെ. എസ്. ഡബ്ല്യൂ. ഡി. സി. - യുടെ ശാഖ തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**അന്നദായിനി പദ്ധതി**

1538 **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ കോളനികളിൽ പാചകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്ന അന്നദായിനി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

വിവാഹ ധൂർത്ത്

1539 **ശ്രീ. ബാബു. എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആർഭാടവിവാഹങ്ങളും വിവാഹധൂർത്തും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമൂഹിക വിപത്തായി മാറിക്കൊണ്ടിരിക്കുന്ന വിവാഹ ധൂർത്ത് കുറച്ചുകൊണ്ടുവരുന്നതിന് ബോധവൽക്കരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) വിവാഹങ്ങൾക്ക് മദ്യം വിളമ്പുന്നത് കുറ്റകരമായ നടപടിയായി കണക്കാക്കി നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

**<u>സാമൂഹ്യക്ഷേമവകുപ്പിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ</u>**

**1540 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ സാമൂഹ്യക്ഷേമവകുപ്പിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളുടെ പേരും വിലാസവും ലഭ്യമാക്കുമോ;

(ബി) അവയ്ക്ക് ഓരോന്നിനും എത്രതുക വീതമാണ് ഗ്രാന്റായി നൽകുന്നത് ; ഇനം തിരിച്ച് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂൺ 6.

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.